**കേരള സർക്കാർ**
ഭരണഭാഷ - മാതൃഭാഷ

DFTVM/1868/2019-F3

ഫിഷറീസ് ഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി:19/12/2019
Phone: 0471-2305042
Email: fisheriesdirector@gmail.com

**സർക്കുലർ നമ്പർ 03 /2019**

വിഷയം : ഫിഷറീസ് - ഫിഷറീസ് സഹകരണം- ഫിഷറീസ് സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും ബൈലാ ഭേദഗതി രജിസ്ട്രേഷനുമുള്ള വ്യവസ്ഥകൾ-നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

മത്സ്യ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും ബൈലോ ഭേദഗതികളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും 1969 ലെ കേരള സഹകരണ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതു സംബന്ധിച്ചും ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെ വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും മേഖലാ രജിസ്ട്രാർമാരുടെയും, ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാരുടെയും യൂണിറ്റ് ഇൻസ്പെക്ടർമാരുടെയും അടിയന്തിര ശ്രദ്ധയ്ക്ക് താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾവകുപ്പ 7 (3 ) ലും നിയമാവലി ഭേദഗതിക്ക് അംഗീകാരം നൽകുന്നതിനുമുള്ള അപേക്ഷകൾ ചട്ടം 9 ലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 3 മാസത്തിനകം തീർപ്പാക്കേണ്ടതാണ്.
2) സഹകരണ സംഘം രജിസ്റ്റർ ചെയ്യുവാനുള്ള അപേക്ഷ നിരസിക്കുന്ന കാര്യത്തിൽ സഹകരണ നിയമം വകുപ്പ് 12(4) പ്രകാരം നിരസിക്കുന്നതിനുള്ള കാരണങ്ങൾ സഹിതം ഉത്തരവായ തീയതി മുതൽ 7 ദിവസത്തിനകം ചീഫ് പ്രൊമോട്ടറെ അറിയിക്കേണ്ടതാണ്.

സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും നിയമാവലി ഭേദഗതി രജിസ്ട്രേഷനും സംബന്ധിച്ച വിവരങ്ങളും ലിക്വിഡേഷൻ സംബന്ധിച്ച വിവരവും സഹകരണ നിയമം ചട്ടം 11(1) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 4-ാം നമ്പർ ഫാറത്തിൽ (രജിസ്റ്ററിൽ) അതീവ ശ്രദ്ധയോടെ എഴുതി സൂക്ഷിക്കേണ്ടതാണ്. ചട്ടം 11 (2) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഭേദഗതി വരുത്തുന്ന നിയമാവലിയുടെ പകർപ്പ് അസ്സൽ നിയമാവലിക്കൊപ്പം ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

ഭേദഗതി രജിസ്ട്രേഷനുമുമ്പ് സർക്കിൾ സഹകരണ യൂണിയന്റെയും ധനകാര്യബാങ്കിൻറെയും(അപെക്സ്സൊസൈറ്റി)അഭിപ്രായത്തിനു അയച്ചുകൊടുക്കുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതാണ്. ഇങ്ങനെ അയച്ചുകൊടുക്കുന്ന ഭേദഗതി നിർദേശങ്ങളിന്മേലുള്ള അഭിപ്രായം ഒരു നിശ്ചിത സമയത്തിനകം നൽകണമെന്നു നിർദ്ദേശിക്കുകയും ടി കാലയളവിനുള്ളിൽ അഭിപ്രായം രേഖപ്പെടുത്തി നൽകുന്നില്ല എങ്കിൽ ഭേദഗതി അംഗീകരിക്കുന്നതിൽ എതിരഭിപ്രായമില്ല എന്ന നിഗമനത്തിൽ ഭേദഗതി അംഗീകരിച്ചു നൽകേണ്ടതുമാണ്.

സംഘം രജിസ്ട്രേഷനും നിയമാവലി ഭേദഗതിക്കും ലഭിക്കുന്ന അപേക്ഷകൾ അവ കൈപ്പറ്റിയ തീയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ ബന്ധപ്പെട്ട ഫിഷറീസ് അസിസ്റ്റൻറ് രജിസ്ട്രാറുടെ വ്യക്തമായ ശുപാർശ സഹിതം ഫിഷറീസ് ജോയിന്റ് ഡയറക്ടർ ഓഫീസിലേക്ക് അയക്കേണ്ടതും അപേക്ഷ ലഭിച്ച് ഒരാഴ്ചക്കകം മേഖല രജിസ്ട്രാറുടെ ഓഫീസിലെ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർറുടെ ഉത്തരവാദിത്വത്തിൽ സൂക്ഷ്മപരിശോധന നടത്തി വ്യക്തമായ കുറിപ്പ് സഹിതം മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും മേഖല ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ കാലതാമസം കൂടാതെ സംഘം രജിസ്റ്റർ ചെയ്തു നൽകേണ്ടതുമാണ് .സംഘം രെജിസ്ട്രേഷന്റെ കാര്യത്തിലോ, നിയമാവലി ഭേദഗതിയുടെ കാര്യത്തിലോ അപേക്ഷയിലെ ന്യൂനതകളും പോരായ്മകളും നിയമപ്രകാരം പരിഹരിക്കാവുന്നതാണ് എങ്കിൽ നിർദ്ദിഷ്ട സംഘത്തിന്റെ ചീഫ് പ്രൊമോട്ടർക്കോ സംഘം ഭാരവാഹികൾക്കോ അറിയിപ്പ് നൽകേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ ആയതു പരിഹരിക്കാൻ കഴിയാത്ത പക്ഷം ടി അപേക്ഷയിൽ തീർപ്പ് കല്പിക്കേണ്ടതുമാണ്.

ഒരു സംഘം രൂപീകരിക്കുന്നതിനോടനുബന്ധിച്ച സംഘം ബൈലോ വിശദമായി പരിശോധിച്ച് 1969 ലെ സഹകരണ നിയമത്തിനു ചട്ടത്തിലുമുള്ള വ്യവസ്ഥകൾ പ്രകാരമാണ് കരട് ബൈലോ തയ്യാറാക്കിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്തേണ്ടതാണ് . സഹകരണ നിയമം വകുപ്പ് 4, 13 എ ചട്ടം 15 ൽ 5 എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം സംഘം ബൈലോകളിലെ വ്യവസ്ഥകൾ. ബൈലോയിലെ ഉദ്ദേശലക്ഷ്യങ്ങൾ മൽസ്യബന്ധനത്തിൽ ഏർപ്പെട്ട് ഉപജീവനം കഴിക്കുന്ന തൊഴിലാളികളുടെ ഉന്നമനത്തിനോ , അഭിവൃദ്ധിക്കോ ഉള്ളതല്ല എങ്കിൽ മൽസ്യ അനുബന്ധതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഉന്നമനത്തിനോ , അഭിവൃദ്ധിക്കോ ആയിട്ടുള്ളത് ആയിരിക്കണം. മേൽ ഉദ്ദേശലക്ഷ്യവുമായി സാമ്യമില്ലാത്ത പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ച് ബൈലോ രജിസ്റ്റർ ചെയ്തു നൽകുവാനോ ,ഭേദഗതി അംഗീകരിക്കുവാനോ പാടില്ല.

ഫിഷറീസ് ജോയിൻറ് ഡയറക്ടർ/മേഖല രജിസ്ട്രാർ അംഗീകരിച്ചു നൽകുന്ന നിയമാവലി ഭേദഗതികളിൽ തിരുത്തലുകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്. കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് തിരുത്തലുകൾ ഇല്ലായെന്ന് ഉറപ്പാക്കി മാത്രമേ ബൈലോ/ഭേദഗതികൾ രജിസ്റ്റർ ചെയ്തു നൽകുവാൻ പാടുള്ളൂ.

ജില്ലാ തലത്തിൽ ചുമതലയുള്ള ഫിഷറീസ് അസിസ്റ്റൻറ് രജിസ്ട്രാർമാരുടെ ശുപാർശയുടെയും പരിശോധനയുടെയും അടിസ്ഥാനത്തിലാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതും ഭേദഗതി രജിസ്റ്റർ ചെയ്യേണ്ടതും. ബന്ധപ്പെട്ട ഫിഷറീസ് അസിസ്റ്റൻറ് രജിസ്ട്രാർമാരുടെ ശുപാർശ ഇല്ലാതെ സംഘത്തിന്റെ രജിസ്ട്രേഷൻ / നിയമാവലി ഭേദഗതി എന്നിവ ഫിഷറീസ് ജോയിൻറ് ഡയറക്ടർമാർ /മേഖല രജിസ്ട്രാർ രജിസ്റ്റർ ചെയ്തു കൊടുക്കുവാൻ പാടുള്ളതല്ല .

ഫിഷറീസ് അസിസ്റ്റൻറ് രജിസ്ട്രാർമാർ തങ്ങളുടെ നിയന്ത്രണത്തിലുള്ള സംഘങ്ങളുടെ ബൈലോ വിശദമായി പരിശോധിച്ച് സഹകരണ നിയമത്തിൽ വന്ന ഭേദഗതികൾ പ്രകാരമുള്ള അവശ്യവ്യവസ്ഥകൾ ഉൾകൊള്ളിച്ച് സംഘം നിയമാവലിയിലും ഭേദഗതി കൊണ്ടുവന്നിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ് .സംഘം ബൈലോ 1969 ലെ കേരളാ സഹകരണ സംഘം നിയമം വകുപ്പ് 4, 13(എ),ചട്ടം 15 എന്നിവയ്ക്ക് വിധേയമായിരിക്കുന്നു എന്ന് ഫിഷറീസ് അസിസ്റ്റൻറ് രജിസ്ട്രാർമാർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ചട്ടം 15 ൽ 5 പ്രകാരമുള്ള തരംതിരിവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരവും വകുപ്പ് 13 എ യിലെ നിയമവ്യവസ്ഥ പ്രകാരവും, 1969 ലെ കേരളാ സഹകരണ സംഘം നിയമത്തിനും ചട്ടത്തിനും വിധേയമല്ലാത്ത ബൈലോ വ്യവസ്ഥകളും ആയതിൻറ അടിസ്ഥാനത്തിലുള്ള സംഘത്തിൻറ പ്രവർത്തനത്തിനും നിയമസാധുത ഉണ്ടായിരിക്കുന്നതല്ല.

1969 ലെ കേരളാ സഹകരണ സംഘം നിയമം വകുപ്പ് 6, ചട്ടം 3 അനുസരിച്ച് ംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കുന്ന 1-ാം നമ്പർ പേക്ഷയോടൊപ്പം താഴെ വിവരിക്കുന്ന പ്രകാരം അനുബന്ധ രേഖകൾ കൂടി

ലഭ്യമാക്കണം.
1. അപേക്ഷാ ഫീസ് ട്രഷറിയിൽ ഒടുക്കിയതിനുള്ള അസ്സൽ ചലാൻ രസീത് .
2. നിർദ്ദിഷ്ട സംഘത്തിന്റെ കരടുനിയമാവലി (ബൈലോ)യുടെ ടൈപ്പ് ചെയ്തതും തിരുത്തലുകൾ ഇല്ലാത്തതുമായ 4 പകർപ്പുകൾ ( കൂടുതൽ പകർപ്പുകൾ സംഘം രജിസ്റ്റർ ചെയ്യാൻ അനുയോജ്യമാണെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടാൽ മാത്രം മതി)
3. നിർദ്ദിഷ്ട സംഘത്തിന് സാമ്പത്തിക ഭദ്രതയോടുകൂടി പ്രവൃത്തിക്കാൻ കഴിയുമെന്ന് കാണിക്കുന്ന വിശദമായ പദ്ധതി (പ്രോജക്റ്റ്) റിപ്പോർട്ട് സാമ്പത്തിക വിശകലനം ഉൾപ്പെടെ .
4. അപേക്ഷകരുടെ പേര്, മേൽവിലാസം, വയസ്സ്, തൊഴിൽ, ഓഹരിയായി എടുക്കാൻ ഉദ്ദേശിക്കുന്ന തുക ,ഒപ്പ് അല്ലെങ്കിൽ വിരലടയാളം എന്നിവ ഉൾകൊള്ളുന്ന പട്ടികയുടെ 4 പകർപ്പുകൾ
5. മത്സ്യത്തൊഴിലാളികൾ ആണ് അംഗങ്ങളെങ്കിൽ മത്സ്യത്തൊഴിലാളി ക്ഷേമ നിധിയിൽ വിഹിതം അടച്ചുവരുന്നതിന്റെ രേഖകളുടെ പകർപ്പ് . മൽസ്യ അനുബന്ധ തൊഴിൽ മേഖലയിൽ നിന്ന് ഉള്ളവരാണ് എങ്കിൽ ആയത് തെളിയിക്കുന്ന തിനുള്ള ആധികാരികമായ രേഖകൾ.
6. പേര്, മേൽവിലാസം എന്നിവ തെളിയിക്കുന്നതിനുള്ള ഏതെങ്കിലും ആധികാരികമായ തിരിച്ചറിയൽ രേഖ.
7. അപേക്ഷകർ വ്യത്യസ്ത കുടുംബങ്ങളിൽ നിന്നാണെന്ന് തെളിയിക്കുന്നതിനുള്ള രേഖ (റേഷൻ കാർഡിന്റെ പകർപ്പ്)

അപേക്ഷ, ബൈലോ, അംഗങ്ങളുടെ പട്ടിക തുടങ്ങിയവയിൽ അപേക്ഷകരെല്ലാം ഒപ്പിടേണ്ടതാണ്. അപേക്ഷയിൽ മുഖ്യ സംഘാടകനായി ഒരാളെ നിർദ്ദേശിച്ചിരിക്കണം . രജിസ്ട്രേഷനുശേഷം സംഘം ഭരണം നടത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അംഗങ്ങളുടെ പേരു വിവരവും അപേക്ഷയിൽ ഉണ്ടായിരിക്കണം.

അപേക്ഷയിൽ ആവശ്യമായ അന്വേഷണം രജിസ്ട്രാർ നടത്തേണ്ടതും അപേക്ഷ സംബന്ധിച്ച് വിശദീകരണങ്ങൾ ആവശ്യമെങ്കിൽ രജിസ്ട്രാർക്ക് തേടാവുന്നതുമാണ്. അപേക്ഷ ലഭിച്ച് 90 ദിവസത്തിനുള്ളിൽ രജിസ്ട്രാർ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

അപേക്ഷകരെ സംബന്ധിച്ച് നൽകിയിരിക്കുന്ന വിവരങ്ങൾ രേഖകൾ പരിശോധിച്ചു ശരിയാണെന്നു ബോധ്യമായതിനു ശേഷം , അപേക്ഷ നിയമത്തിനും ചട്ടത്തിനു വിധേയമാണ് എന്നും സംഘത്തിന് മികച്ച വ്യാപാര സാധ്യതയുണ്ടെന്നും ഉദ്ദേശങ്ങൾ വകുപ്പ് 4 പ്രകാരം അനുശാസിക്കുന്ന വിധമാണ് എന്നും ബൈലോ ചട്ടവിരുദ്ധമായിട്ടുള്ളതല്ല തുടങ്ങിയ കാര്യങ്ങൾ രജിസ്ട്രാർക്ക് ബോധ്യപ്പെട്ടാൽ ഓഹരി പിരിച്ച തുക ജില്ലാ ബാങ്കിൽ ഓഹരി അനാമത്തായി നിക്ഷേപിക്കുന്നതിനുള്ള അനുവാദം രജിസ്ട്രാർ നൽകണം. രജിസ്ട്രാറിൽ നിന്നും അനുവാദം കിട്ടിയ ശേഷമാണ് ഓഹരി പിരിച്ച് ജില്ലാ ബാങ്കിൽ അടക്കേണ്ടത്.

പുതുതായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് , ബൈലോ കോപ്പി എന്നിവയുടെ ഓരോ പകർപ്പ് സഹകരണ ആഡിറ്റ് ഡിപ്പാർട്ടുമെൻറ് സർക്കിൾ സഹകരണ യൂണിയൻ, ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ ഫിഷറീസ്ഡയറക്ടർ എന്നിവർക്ക് കർശനമായും അയച്ചുകൊടുക്കേണ്ടതുമാണ്. മത്സ്യഫെഡിൽ അഫിലിയേഷൻ ഉള്ള സംഘത്തിൻറെ കാര്യത്തിൽ , ബൈലോ ഭേദഗതി രജിസ്ട്രേഷൻറെ പകർപ്പ് മത്സ്യഫെഡിനു കൂടി ലഭ്യമാക്കേണ്ടതാകുന്നു.

സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ബൈലോ ഭേദഗതി രജിസ്റ്റർ ചെയ്യുന്ന കാര്യത്തിലും സഹകരണനിയമത്തിൽ അനുശാസിക്കുന്ന സമയപരിധിയും ഈ സർക്കുലർ പ്രകാരമുള്ള നടപടിക്രമങ്ങളും പാലിച്ചിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ ഗൗരവമായി കാണുന്നതും കർശന നടപടികൾ സ്വീകരിക്കുന്നതിന് കാരണമായി തീരുന്നതുമാണ് .

VENKATESAPATHY.S IAS
ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/
ഫിഷറീസ് ഡയറക്ടർ